ബാദ്ധ്യത തുക കോടിയിൽ

ആസ്തി

ഫിക്സഡ് അസറ്റ് (തേയ്മാന ചെലവ് കഴിച്ച്)	233.95
സ്റ്റോർസ്	20.76
ക്യാഷ്, ബാങ്ക് ബാലൻസ്	55.37
ട്രഷറി ബാലൻസ്	15.95
മറ്റ് ആസ്തികൾ	33.02
സഞ്ചിത നഷ്ടം	1,483.31
ആകെ	1,842.36

2008-09 സാമ്പത്തിക വർഷത്തിലെ നഷ്ടം 117.12 കോടി രൂപയാണ്.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ കൈവശം വച്ചിരുന്ന റോഡുകളുടെ ശോച്യാവസ്ഥ

9 (*69) ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ബാബു പോൾ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ കൈവശം വച്ചിരുന്ന എത്ര കിലോമീറ്റർ റോഡ് മരാമത്ത് വകുപ്പിന് വിട്ടുതന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ആ റോഡുകളുടെ ശോച്യാവസ്ഥ പരിഗണിച്ച് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാര യോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കേരളത്തിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ കൈവശം വച്ചിട്ടുള്ള റോഡുകൾ പൊതുമരാമത്തുവകുപ്പിന് വിട്ടുതന്നിട്ടില്ല. എന്നാൽ പൊതുമരാമത്തുവകുപ്പ് വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതും പിന്നീട് ആരുടേയും ചുമതലയിൽ വരാത്തതുമായ 7385 കി.മീറ്റർ റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി എം.ഡി.ആർ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റെടുത്ത റോഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനും മുമ്പ് പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ നടത്തി വന്നിരുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ "one time maintenance"-ൽ പ്പെടുത്തി അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

ജലഅതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

10 (*70) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജല അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി രൂപീകരിച്ച മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും പ്രതിനിധികളടങ്ങുന്ന സംയുക്ത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു.

(സി) ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ സംവിധാനം സഹായകരമായിട്ടുണ്ടോ ;

(ഡി) വിവിധ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനും മറ്റെന്തൊക്കെ പുതിയ സംവിധാനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ജലഅതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

- സ്ഥാപനത്തിന്റെ ഘടനാപരമായ ക്രമീകരണത്തിനുള്ള പരിപാടികൾ
- നയങ്ങളിലും നടപടിക്രമങ്ങളിലും മാറ്റങ്ങൾക്കുള്ള നിർദ്ദേശങ്ങൾ
- സാമ്പത്തിക സുസ്ഥിരത
- കാര്യക്ഷമമായ പദ്ധതി നിർവ്വഹണം-ജലനഷ്ടം കുറയ്ക്കൽ, ഊർജ്ജ സംരക്ഷണം, ആസ്തി സംരക്ഷണം, 24 X 7 മണിക്കൂറും കുടിവെള്ള വിതരണം.

LIBRARY ARCHIVES Kerala Legislative Assembly